പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: **2248**

26.03.2013-ൽ മറുപടിക്ക്

## കെ.എസ്.ഡി.പി യുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കെ.എസ്.ഡി.പി-യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ; | (എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് കമ്പനിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. NABL accredited ലാബിൻെറ പണി പൂർത്തിയായി. Betalactam Injection Unit- ൻെറ നിർമ്മാണം പുരോഗമിച്ചുവരുന്നു. നോൺ ബീറ്റാലാക്ടം പ്രോജക്ട് ആരംഭിക്കുന്നതിനായി സർക്കാർ ഈ സാമ്പത്തിക വർഷം 250 ലക്ഷം രൂപ അനുവദിക്കുകയും അതിൻെറ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. |
| (ബി) കെ.എസ്.ഡി.പി-യിൽ നിന്നും പൊതുവിപണിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) മരുന്നുകൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനെകൊണ്ട് വാങ്ങിപ്പിക്കുവാൻ ആവശ്യമായ നടപടികൾ എടുക്കുമോ; വിശദമാക്കുമോ; | (ബി) & (സി) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് കമ്പനി ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ കേരളത്തിൽ പൊതുവിപണിയിൽ ലഭ്യമല്ല. അവ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച് സർക്കാർ ആശുപത്രികൾക്ക് വിതരണം ചെയ്തുവരുന്നു. കമ്പനി ഉൽപ്പാദിപ്പിക്കുന്ന മരുന്നുകൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വാങ്ങുന്നതിലേയ്ക്കായി |

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| (ഡി) എത്ര കോടി രൂപയുടെ മരുന്നിന്റെ ഓർഡർ കെ.എസ്.ഡി.പിക്ക് ഈ സാമ്പത്തിക വർഷം ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 13 കോടിയുടെയും, ആന്ധ്രാപ്രദേശ് സർക്കാരിൽ നിന്നും 3.78 കോടി രൂപയുടെയും ഓർഡറുകൾ ഈ സാമ്പത്തിക വർഷം കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് കമ്പനിയ്ക്ക് ലഭിച്ചിട്ടുണ്ട്. |

Ajithab

സെക്ഷൻ ഓഫീസർ